# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നം. 1676.**

**12/06/2019 -ൽ മറുപടിയ്ക്ക്**

## സ്വയംഭരണ പദവിയുള്ള കോളേജുകൾ

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.എൻ. ഷംസുദ്ദീൻ** | | ഡോ.കെ.ടി.ജലീൽ<br>(ബഹു.ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ കോളേജുകൾക്ക് സ്വയംഭരണ പദവി നൽകുന്നത് സംബന്ധിച്ച് സർക്കാർ നയം എന്താണെന്ന് വ്യക്തമാക്കുമോ ; | (എ) | നിലവിലുള്ള ഓട്ടോണമി അപ്രൂവൽ നിയമത്തിൽ മാറ്റങ്ങൾ വരുത്തുന്നതിനായുള്ള കരട് നിർദ്ദേശം സമർപ്പിക്കുവാൻ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത നിയമത്തിൽ മാറ്റങ്ങൾ വരുത്തിയ ശേഷം പുതിയ കോളേജുകൾക്ക് സ്വയംഭരണ പദവി അനുവദിക്കുന്ന വിഷയം സർക്കാർ പരിശോധിക്കുന്നതാണ്. |
| (ബി) സംസ്ഥാനത്ത് ഇതുവരെ എത്ര കോളേജുകൾക്കാണ് സ്വയംഭരണ പദവി ലഭിച്ചത്; ഇവ ഏതെല്ലാമാണെന്നതിന്റെ വിശദ വിവരം നൽകുമോ ; | (ബി) | സംസ്ഥാനത്ത് നിലവിൽ 19 കോളേജുകൾക്കാണ് സ്വയംഭരണ പദവി ലഭ്യമായിട്ടുള്ളത്. അവയുടെ വിശദ വിവരം അനുബന്ധമായി ചേർക്കുന്നു. |
| (സി) സ്വയംഭരണ പദവി ലഭിക്കുന്നത് മൂലം കോളേജുകളുടെ ഭരണ, അക്കാദമിക്ക് മേഖലകളിലുണ്ടാകുന്ന നേട്ടം എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ? | (സി) | സ്വയംഭരണ കോളേജുകളിൽ വിദ്യാർത്ഥി പ്രവേശനം, പരീക്ഷ, ഫലപ്രഖ്യാപനം എന്നിവ ഏറെക്കുറെ സമയബന്ധിതമായി നടക്കുന്നുണ്ടെങ്കിലും ഉന്നത വിദ്യാഭ്യാസ രംഗത്ത് ഗുണപരമായ മാറ്റം വരുത്താൻ സ്വയംഭരണ കോളേജുകൾക്ക് സാധിച്ചിട്ടില്ലെന്ന് സംസ്ഥാനത്തെ സ്വയംഭരണ പദവി ലഭിച്ച കോളേജുകളുടെ അക്കാദമിക നിലവാരത്തിലുള്ള മാറ്റം വിലയിരുത്തുന്നതിന് കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ മുഖേന നിയോഗിച്ച കമ്മിറ്റി കണ്ടെത്തിയിട്ടുണ്ട്. കൂടാതെ സിലബസ്സിലും മറ്റും ഗുണപരമായ മാറ്റങ്ങൾ വരുത്തിയതായി കാണുന്നില്ലെന്നും, ഉപരിപ്ലവമായ മാറ്റങ്ങൾ മാത്രമാണ് ദർശിക്കുവാൻ കഴിഞ്ഞതെന്നും പ്രസ്തുത കമ്മിറ്റി വിലയിരുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

**അനുബന്ധം**

**സംസ്ഥാനത്ത് നിലവിൽ സ്വയംഭരണ പദവി ലഭ്യമായ കോളേജുകളുടെ പട്ടിക ചുവടെ ചേർത്തിരിക്കുന്നു**

1. മഹാരാജാസ് കോളേജ്, എറണാകുളം (സർക്കാർ കോളേജ്)
2. മാർ ഇവാനിയോസ് കോളേജ്, തിരുവനന്തപുരം.
3. ഫാത്തിമ മാതാ നാഷണൽ കോളേജ്, കൊല്ലം.
4. സെന്റ് ബെർക്ക്മാൻസ് കോളേജ്, ചങ്ങനാശ്ശേരി.
5. സെന്റ് തെരേസാസ് കോളേജ്, എറണാകുളം.
6. സേക്രട്ട് ഹാർട്ട് കോളേജ്, തേവര, എറണാകുളം.
7. രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്, കളമശ്ശേരി, എറണാകുളം.
8. സെന്റ് തോമസ് കോളേജ്, തൃശ്ശൂർ.
9. എം.ഇ.എസ് കോളേജ്, മമ്പാട്.
10. ഫറോക്ക് കോളേജ്, കോഴിക്കോട്.
11. സെന്റ് ജോസഫ് സ് കോളേജ്, ദേവഗിരി
12. ക്രൈസ്റ്റ് കോളേജ്, ഇരിങ്ങാലക്കുട.
13. സെന്റ് ആൽബർട്സ് കോളേജ്, എറണാകുളം.
14. മാർ അത്തനേഷ്യസ് കോതമംഗലം, എറണാകുളം.
15. സി. എം. എസ്. കോളേജ്, കോട്ടയം.
16. സെന്റ് ജോസഫ് കോളേജ്, ദേവഗിരി.
17. വിമല കോളേജ്, തൃശ്ശൂർ.
18. അസംപ്ഷൻ കോളേജ്, ചങ്ങനാശ്ശേരി.
19. മരിയൻ കോളേജ്, കുട്ടിക്കാനം, ഇടുക്കി.

**സെക്ഷൻ ഓഫീസർ**